
Vol. 11 Issue 6 Nov-Dec 2020

# SANTHOME Messenger

## FARIDABAD DIOCESAN BULLETIN





# Prayerful Wishes

## Archbishop Kuriakose Bharanikulangara

on His Priestly Ordination Day

18 December



# Festal Greetings



Rev. Fr. Benny Palatty
26-Dec



Rev. Fr. Jomy Vazhakalayil
27-Dec



Rev. Fr. Ginto K .Tom
3-Jan



Rev. Davis Kalliyathuparambil
20-Jan



Rev. Fr. Rony Thoppilan
20-Jan



Rev. Fr. Sebastian Moolechalil
20-Jan



Rev. Fr. Sebastian Mullamangalathu
20-Jan



Rev. Fr. Sebastian Areeparambil
20-Jan



Rev. Fr. Sibin Poovely
20-Jan

*Festal Greetings also to all our Rev. Sisters and Laity, having Patron's Day in December & January*



FARIDABAD DIOCESAN BULLETIN

# SANTHOME MESSENGER

DIOCESE OF FARIDABAD-DELHI

Volume-11, Issue-6, Nov-Dec 2020

E-mail: santhomemessenger@gmail.com



PATRON
**ARCHBISHOP KURIAKOSE BHARANIKULANGARA**

MISSION EDITOR
**BISHOP JOSE PUTHENVEETTIL**

CHIEF EDITOR
**REV. MSGR. DR. JOSEPH ODANAT**
odanatj@gmail.com


ASSOCIATE EDITOR
**JOHNSON V.P.**
johnpvadakkan@yahoo.com

MEMBERS
**REV. MSGR. DR. JOSE VETTICKAL**
**REV. DR. PIUS MALEKANDATHIL**
**A. C. WILSON**
**JESSY JOSE**

DESIGNED & PRINTED BY
**ROYALTHOTZ, NEW DELHI**
royalthotz@gmail.com

WEB EDITION
**THOMAS MAMPILLY**

**PUBLISHED BY: DIOCESE OF FARIDABAD-DELHI**
Bishop's House, 1B/32 N.E.A, Old Rajinder Nagar
New Delhi - 110060
E-mail: info@faridabaddiocese.in
Website: www.faridabaddiocese.in
*(Private Circulation Only)*




## INSIDE

PASTORAL LETTER 03
"FRATELLI TUTTI" 06
CURIA NEWS 09
THE NEW PASTORAL COUNCIL 10
MATHRUVEDHI 11
INDIAN CHRISTIANS 12
HOLY CHILDHOOD ASSOCIATION 14
SEMINARY 15
DSYM 16
CATECHISM 17
മതാന്തര വിവാഹം പാഠവും പ്രയോഗവും 18
SJSS 22
OUR PARISHES 23

# Condolences & Prayers

## His Grace Archbishop Joseph Chennoth

**Apostolic Nuncio Emeritus to Japan**



**Born: 13 October 1943**

**Priestly Ordination:**

**4 May 1969**

**Episcopal Consecration:**

**30 October 1999**

**Died: 8 September 2020**

# Condolences



**Thankamma George**
**Born: 02-02-1946**
**Died: 14-11-2020**
Kavumparambil House, Kalikavu
B-74/F-2,
Shalimar Garden Extn. II,
Sahibabad
St. Jude's Church
Sahibabad



**Mr. Jolly Philip**
**Born: May, 1961**
**Died: 23.11.2020**
Karukaparampil House,
Punnapra, Alappuzha
QTR. No. 329, Police Colony,
Ashok Vihar, Delhi
St. Jude Thaddeus Church
Ashok Vihar



**DIJO MATHEW**
**Born: 06-11-1975**
**Died: 13-10-2020**
Kavalakkat House
Olippara, Palakkad
36/17, East Patel Nagar
St Augustine Forane Church
Karol Bagh



# ഇടയലേഖനം
## (PASTORAL LETTER)

# "ഫ്രെത്തെല്ലി തൂത്തി"

### WE ARE ALL BROTHERS AND SISTERS [NEW ENCYCLICAL OF POPE FRANCIS]

ദൈവകൃപയാലും ശ്ലൈഹീക സിംഹാസനത്തിന്റെ മനോഗുണത്താലും ഫരീദാബാദ് രൂപതയുടെ മെത്രാൻ ആർച്ച് ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങര തന്റെ അധികാരത്തിൽപ്പെട്ട ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിമാർക്കും അസിസ്തേന്തിമാർക്കും മറ്റു വൈദികർക്കും സന്യാസിനീസന്യാസിമാർക്കും വിശ്വാസികൾക്കുമായി എഴുതുന്നത്.

*മിശിഹായിൽ സ്നേഹമുള്ളവരേ, വത്സലമക്കളേ,*

2013 മാർച്ച് 14, ദിവംഗതനായ കർദ്ദിനാൾ ഷീൻ ലൂയിസ് തൊറാൻ 'Habemus Papam' എന്ന് പറഞ്ഞപ്പോൾ വത്തിക്കാൻ ചത്വരത്തിൽ ഉയർന്ന കരഘോഷം ആരും മറന്നുകാണില്ല. കത്തോലിക്കാ സഭയുടെ അമരത്തേക്കു ആരും പ്രതീക്ഷിക്കാത്ത ഒരു അർജന്റീനക്കാരൻ, കർദ്ദിനാൾ ജോർജ്ജ് ബെർഗോളിയോ ആയിരിക്കും കടന്നുവരുന്നതെന്ന് അറിഞ്ഞ ആ നിമിഷം അവിടെ ഉയർന്ന കരഘോഷം പതിന്മടങ്ങായി വർദ്ധിച്ചു. അതിലുപരി എല്ലാവരെയും ഞെട്ടിച്ചത് അദ്ദേഹത്തിന്റെ പേര് തന്നെയായിരുന്നു. ഖോർഹെ (ജോർജ്) എന്ന പേരുകാരൻ സ്വീകരിച്ച സ്ഥാനപേര് ഫ്രാൻസിസ് എന്നായിരുന്നു.

കുറെയേറെ ചോദ്യങ്ങളുടെ നടുവിലാണ് ഈ തിരഞ്ഞെടുപ്പ് നടക്കുന്നത്. കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ തന്നെ വളരെ വിരളമായി നടന്നിട്ടുള്ളതാണ് മാർപാപ്പാമാരുടെ സ്ഥാന ത്യാഗം. സഭയുടെ അവസാനമായി എന്ന് പോലും പറഞ്ഞിരുന്നവരുടെ ഇടയിലേക്കാണ് അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസിനെ ഓർമ്മിപ്പിച്ചുകൊണ്ട് ഈ അർജന്റീനക്കാരൻ കടന്നു വരുന്നത്. പേരിൽ മാത്രമല്ല പെരുമാറ്റത്തിലും, പ്രവർത്തന ശൈലിയിലും, പ്രബോധനരീതിയിലും ഫ്രാൻസീസ് പാപ്പ വി. ഫ്രാൻസിസ് അസ്സീസിയുടെ വഴിയിലൂടെയാണ് സഞ്ചരിക്കാൻ ശ്രമിക്കുന്നതെന്ന് സൂഷ്മ നിരീക്ഷണം ഇല്ലാതെ തന്നെ മനസ്സിലാക്കാൻ സാധിക്കും. വി. ഫ്രാൻസിസ് അസ്സീസിയുടെ പേര് തിരഞ്ഞെടുക്കുവാൻ പ്രേരിപ്പിച്ചത് പ്രധാനമായും മൂന്നു "P' ആയിരുന്നു എന്ന് അന്ന് തന്നെ വ്യാഖ്യാനിക്കപ്പെട്ടിരുന്നു. സമാധാനം (Peace), ദാരിദ്ര്യം (Poverty), പ്രകൃതി സംരക്ഷണം (Protection of Environment).

വി. ഫ്രാൻസിസ് അസ്സീസി ഇറ്റാലിയൻ ഭാഷയിൽ "ഫ്രത്തെല്ലി തൂത്തി" എന്നു പറയുമ്പോൾ അത് എല്ലാ സഹോദരങ്ങളുമേ (എല്ലാവരും സഹോദരർ) എന്ന് മലയാളത്തിൽ വിവർത്തനം

ചെയ്യാവുന്നതാണ്. ഈ ഇറ്റാലിയൻ പ്രയോഗം ''ഫ്രാത്രസ് ഓംനെസ്'' എന്ന രണ്ടു ലത്തീൻ വാക്കുകളുടെ പരിഭാഷയാണ്. ഇത് പുരുഷനെയും സ്ത്രീയെയും ഒരുപോലെ ഉദ്ദേശിച്ചു പറഞ്ഞിരിക്കുന്നതാണ്. കൊറോണ വൈറസ് മൂലം സംജാതമായിരിക്കുന്ന അരക്ഷിതാവസ്ഥയുടെ ഈ സമയത്ത് മനുഷ്യജീവിതത്തിൽ വിശ്വാസവെളിച്ചം പകരുന്ന ഒരു സന്ദേശമാണ് ഈ ചാക്രിക ലേഖനം നൽകുന്നത്. വിഭജനത്തിന്റെയും ഭീഷണിയുടെയും സ്വരം എല്ലായിടത്തും ഉയരുമ്പോൾ സ്നേഹത്തിനും സാഹോദര്യത്തിനുമുള്ള ആഹ്വാനമാണ് മാർപാപ്പ നടത്തുന്നത്. കൊറോണ വ്യാപനസമയത്ത് എല്ലാവരും തങ്ങളുടെ കുടുംബങ്ങളിൽ അടച്ചിരിക്കാൻ വിധിക്കപ്പെട്ടപ്പോൾ വി.പത്രോസിന്റെ ബസിലീക്കയുടെ മുൻപിൽ ഏകനായി ലോകത്തിന്റെ മുഴുവൻ പുരോഹിതനായി നീറുന്ന മനസ്സോടെ വേദനിക്കുന്നവർക്കും, മുറവേറ്റവർക്കും വേണ്ടി തമ്പുരാന്റെ മുൻപിൽ മനമുരുകി പ്രാർത്ഥിച്ച ഫ്രാൻസിസ് പാപ്പയുടെ നന്മ പ്രവർത്തികളുടെ തുടർച്ചയായാണ് ഈ ചാക്രിക ലേഖനവും. ആ ദിനം ലോകജനതയോട് വിശ്വാസത്തിൽ അടിയുറച്ച് പ്രത്യാശ നഷ്ടപ്പെടാതെ ജീവിക്കാൻ ആഹ്വാനം ചെയ്ത അതെ ആഹ്വാനം ഇവിടെയും ആവർത്തിക്കുന്നു. മുറിവേറ്റിരിക്കുന്ന, വിഭജിക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ ലോകത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളെ സ്നേഹത്തോടെയും സാഹോദര്യത്തോടെയും നേരിടുന്നതിനുള്ള ഒരു വെല്ലുവിളിയാണ് ഈ ചാക്രിക ലേഖനത്തിലൂടെ മാർപാപ്പ നൽകുന്നത്. ഈ ചാക്രിക ലേഖനത്തിന്റെ ആരംഭത്തിൽ തന്നെ വഴിയരികിൽ മുറിവേറ്റ് കിടക്കുന്നവനെ ശുശ്രൂഷിക്കുന്ന നല്ല സമരിയാക്കാരനെ പാപ്പ അവതരിപ്പിക്കുന്നുണ്ട്.

വംശീയതയെകുറിച്ചും, കുടിയേറ്റത്തെക്കുറിച്ചും അഭയാർത്ഥികളെകുറിച്ചുമെല്ലാം വളരെ ശക്തമായി പിതാവ് ഇവിടെ സംസാരിക്കുന്നു. പണ്ട് ഒരു പരിധിവരെ അംഗീകരിച്ചിരുന്ന "നീതിപൂർവ്വകമായ യുദ്ധം" (Just War) എന്നൊരാശയത്തെ പൂർണ്ണമായും ഇവിടെ പരിശുദ്ധ പിതാവ് തള്ളിപറയുന്നു എന്നത് എടുത്തു പറയേണ്ട ഒരു വസ്തുതയാണ്. നാം ഇന്ന് ജീവിച്ചുകൊണ്ടിരിക്കുന്ന നവപുരോഗമന ചിന്താഗതികളും, അമിത ദേശീയവാദവും വലിയ പ്രതിസന്ധിക്കു കാരണമാകുന്നുവെന്ന് പിതാവ് ഓർമ്മിപ്പിക്കുന്നു. ഏതാണ്ട് തൊണ്ണൂറു വർഷങ്ങൾക്ക് മുൻപ് പിയൂസ് പതിനൊന്നാമൻ മാർപാപ്പ എഴുതിയ "ക്വാദ്രേ ജെസ്സിമോ അന്നോ" എന്ന സാമൂഹികപ്രബോധനരേഖയുടെ അതേവഴി തന്നെയാണ് "ഫ്രത്തെല്ലി തൂത്തിയും" സഞ്ചരിക്കുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. മുന്നിലേക്കുള്ള ഇരുട്ട് നിറഞ്ഞ വഴികളെ കാണുമ്പോഴുണ്ടാകുന്ന അസ്വസ്ഥതകളായിരിക്കണം പിതാവിനെ ഇപ്രകാരം സംസാരിക്കാൻ പ്രേരിപ്പിക്കുന്നത്.

പ്രധാനമായും ഈ പ്രബാധനരേഖയെ അഞ്ചു കാര്യങ്ങളിൽ സംഗ്രഹിക്കാൻ കഴിയും. ഒന്നാമതായി നല്ല സമരിയാക്കാരൻ, ആർദ്രതയുള്ള ഒരു ഹൃദയത്തെ ആണ് ഇവിടെ പ്രതിപാദിക്കുന്നത്. ആവശ്യത്തിലുള്ള ഒരു വ്യക്തിയെ കാണുമ്പോൾ എന്റെ ഹൃദയത്തിൽ അവനോടു അനുകമ്പ ഉണ്ടാകുന്നില്ലെങ്കിൽ അതൊരു അപകടം ആണെന്ന് ഓർമ്മിപ്പിക്കുന്നു. രണ്ടാമതായി സമഗ്രമായ വളർച്ച അല്ലെങ്കിൽ വളർച്ചയുടെ മാതൃക, സമ്പത്തെല്ലാം ചിലയിടങ്ങളിൽ മാത്രം ഒന്നുചേരുന്നതിനെ ഇവിടെ വിമർശിക്കുന്നു. സർവ്വ മാനവീകത സമഗ്രമായ വളർച്ച പ്രാപിക്കാതെ പോകുന്നത് ദുരന്തത്തിലേക്കുള്ള യാത്രയാണെന്ന് സൂചിപ്പിക്കുന്നു. മൂന്നാമതായി, പ്രവാസികളുടെ പ്രശ്നങ്ങൾ, പ്രത്യാശയുടെ വഴിയിൽ നിന്നും യാതന നിറഞ്ഞ വഴിയിലേക്ക് മനുഷ്യ ജീവിതങ്ങളെ വലിച്ചെറിയുന്ന ഇന്നിന്റെ കാലഘട്ടം ദൈവതിരുമുൻപിൽ കണക്ക് പറയേണ്ടിവരുമെന്ന മുന്നറിയിപ്പ് പിതാവ് ഇവിടെ നൽകുന്നു. നാലാമതായി യുദ്ധവും വധശിക്ഷയും, മനുഷ്യരാശി ഇന്നനുഭവിക്കുന്ന ഏറ്റവും വലിയ ഒരു വേദനയെ ഇവിടെ പ്രതിപാദിക്കുന്നു. കോടിക്കണക്കിന് കുഞ്ഞുമക്കൾ ജീവിതത്തിന്റെ പ്രത്യാശ നഷ്ടപ്പെട്ട് പണത്തിനുവേണ്ടി ചൂഷണം ചെയ്യപ്പെടുന്ന പ്രവണതയെ പിതാവ് പൂർണ്ണമായും തള്ളി പറയുന്നു. അവസാനമായി സംവാദവും അതിലൂടെയുള്ള അനുരഞ്ജനത്തെ പറ്റിയും സൂചിപ്പിക്കുന്നു. ദൈവമക്കളാകാനുള്ള വിളിയെപ്പറ്റിയും സമാധാനസ്ഥാപകർ ആകാനുള്ള വിളിയെപ്പറ്റിയും, അതിനു വിഘാതമായി നിൽക്കുന്നവയെ സംവാദത്തിലൂടെ പരിഹരിക്കണമെന്നും പാപ്പ ആവശ്യപ്പെടുന്നു.

എന്റെ വത്സല മക്കളെ,

സാർവ്വത്രിക സാഹോദര്യത്തിന്റെയും ലോക സമാധാനത്തിന്റെയും പ്രകൃതി സംരക്ഷണത്തിന്റെയും സന്ദേശമാണ് ഈ ചാക്രികലേഖനം. രണ്ടാം ലോകമഹായുദ്ധത്തിന് മുൻപ് വരാനിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പതിനൊന്നാം പീയൂസ് മാർപാപ്പ പറഞ്ഞപ്പോൾ ആരെങ്കിലും ശ്രദ്ധിച്ചിരുന്നെങ്കിലെന്ന് പിന്നീട് പലരും പറഞ്ഞു. അതുപോലെ ഇവിടെയും സംഭവിക്കാതിരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. പ്രതിബദ്ധതയുടെ ക്രിസ്തുഭാഷ മാർപാപ്പ ഉപയോഗിക്കുമ്പോൾ അത് ജീവിക്കേണ്ടത് നമ്മുടെ കടമായാണെന്ന് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. സർവ്വസഹവാസികളോടും പ്രത്യേകിച്ച് സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവരോടും ദരിദ്രരോടും ഈ പ്രകൃതിയോടും അതിലെ ജീവജാലങ്ങളോട് പോലും സമഭാവനയോടും എല്ലാവരും സഹോദരങ്ങൾ എന്നപോലെ ജീവിച്ച വി. ഫ്രാൻസിസ് അസ്സീസിയുടെ സന്ദേശം വർത്തമാനകാലത്തിൽ സാക്ഷ്യപ്പെടുത്തുവാനുള്ള ആഹ്വാനമാണ് ഫ്രാൻസിസ് മാർപാപ്പ നമുക്ക് നൽകുന്നത്. പ്രതിസന്ധികളുടെ ഇരുണ്ട നാളുകളിലൂടെ ലോകം കടന്നു പോകുമ്പോൾ നമ്മുടെ വഴികളിൽ ഉയർത്തപ്പെടുന്ന വലിയ വെളിച്ചമായി "ഫ്രത്തെല്ലി തൂത്തി" മാറട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേർന്നുകൊണ്ടും,

നിങ്ങളുടെ പിതാവ്
**ആർച്ച്ബിഷപ്പ് കുര്യാക്കോസ് ഭരണികുളങ്ങര**
ഫരീദാബാദ് രൂപതയുടെ മെത്രാൻ

*(കരോൾ ബാഗിലുള്ള രൂപതാ കാര്യാലയത്തിൽ നിന്ന് 2020-നവംബർ 30-ാം തീയ്യതി തിങ്കളാഴ്ച നൽകപ്പെട്ടത്. ഈ ഇടയലേഖനം 2020 ഡിസംബർ മാസം 13-ാം തീയ്യതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള എല്ലാ സ്ഥാപനങ്ങളിലും പൊതുജനങ്ങൾക്കായി വായിക്കേണ്ടതാണ്.)*



**Br. Tijo Mattappillil and Br. Robin Paul Thozhuthumparambil were given Vestition by Rev. Dr. Jacob Nangelimalil, Rector, St. Kuriakose Elias Chavara Minor Seminary, Thommankuthu**



# ഫ്രത്തെല്ലി തൂത്തി

## സാർവത്രിക സാഹോദര്യത്തിന്റെ ശംഖുനാദം

### എന്താണത്?

2013-ൽ പ്രസിദ്ധീകരിച്ച "ലൂമെൻ ഫിദെയി"ക്കും, 2015-ൽ പ്രസിദ്ധീകരിച്ച "ലൗദാത്തോ സി"ക്കും ശേഷമുള്ള ഫ്രാൻസിസ് മാർപാപ്പയുടെ മൂന്നാമത്തെ ചാക്രികലേഖനം. 2020 ഒക്ടോബർ മൂന്നാം തീയതി ഇറ്റലിയിലെ അസ്സീസിയിലാണ് ഇത് ഒപ്പുവച്ചത്. ഇറ്റാലിയൻ ഭാഷയിലെ ഈ വാക്കുകൾക്ക് "എല്ലാവരും സഹോദരർ" എന്നർത്ഥം.

### പശ്ചാത്തലം?

- അടുത്ത കാലത്ത് മാർപ്പയെ ഉത്കണ്ഠപ്പെടുത്തിയ സാഹോദര്യത്തെക്കുറിച്ചും സാമൂഹ്യ സൗഹൃദത്തെക്കുറിച്ചുമുള്ള ചോദ്യങ്ങൾ;
- "ലോകസമാധാനത്തിനും സഹവർത്തിത്വത്തിനും വേണ്ടിയുള്ള മാനവസാഹോദര്യം" എന്ന പ്രമാണരേഖയിൽ ചൂണ്ടിക്കാണിക്കുന്ന വിഷയങ്ങൾ.

### പ്രത്യേകത?

- സാഹോദര്യത്തിനും സാമൂഹ്യസൗഹൃദത്തിനുമായി സമർപ്പിതമായ ഒരു സാമൂഹ്യ ചാക്രികലേഖനം.
- സഹോദരസ്നേഹത്തിന്റെ സാർവ്വത്രികമാനം ഇതിൽ ചർച്ചചെയ്യുന്നു.
- സാഹോദര്യത്തിന്റെയും സാമൂഹ്യസൗഹൃദത്തിന്റെയും ഒരു പുതിയ ദർശനം അത് മുന്നോട്ടു വയ്ക്കുന്നു.
- ഏകമാനവ കുടുംബവും, സഹയാത്രികരുമായി മനുഷ്യകുലത്തെ ദർശിക്കാൻ ചാക്രിക ലേഖനം വഴിയൊരുക്കുന്നു.

### തലക്കെട്ട്?

എല്ലാവരും സഹോദരർ എന്ന പ്രയോഗം വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടേതാണ്. സുവിശേഷത്തിലധിഷ്ഠിതമായ ഒരു ജീവിതശൈലി മുന്നോട്ടുവച്ചുകൊണ്ടാണ് അദ്ദേഹം ഇത് പ്രഖ്യാപിച്ചത്. അതിരുകളും അകലങ്ങളും ഭേദിക്കുന്ന സ്നേഹത്തിലേക്ക് ഫ്രാൻസിസ് എല്ലാവരെയും ക്ഷണിക്കുന്നു.

### ഒന്നാം അദ്ധ്യായം : അടഞ്ഞ ലോകത്തിനുമുകളിൽ ഇരുണ്ട മേഘങ്ങൾ

ആഗോളവത്കരിക്കപ്പെട്ട സമൂഹം നമ്മെ അയൽക്കാരാക്കുന്നു. പക്ഷെ സഹോദരന്മാരും സഹോദരിമാരുമാക്കുന്നില്ല.

എന്തൊക്കെയാണ് അടഞ്ഞ ലോകത്തെ ഇരുണ്ട മേഘങ്ങൾ?

- സമൂഹത്തിൽ വ്യാപകമാകുന്ന നിരാശയും നിരുത്സാഹവും
- പരസ്പര സംവാദത്തിനു വിഘാതമാകുന്ന വർഗ്ഗീയ ധ്രുവീകരണങ്ങൾ

- വളരെ എളുപ്പത്തിൽ ബലിയാടുകളാക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്ന മനുഷ്യർ.
- അവകാശങ്ങളിലെ അസമത്വവും നൂതന അടിമത്തങ്ങളും.
- ധാർമ്മിക അധ:പതനവും ആത്മീയമൂല്യങ്ങളുടെ അപചയവും.

"ഈ വെല്ലുവിളികളുടെ മുന്നിൽ നമ്മൾ ചരിക്കേണ്ട പാത സാമീപ്യത്തിന്റേതാണ്. പരസ്പരം കണ്ടുമുട്ടലിന്റെ സംസ്ക്കാരമാണത്".

ദൈവം ധാരാളം നന്മയുടെ വിത്തുകൾ വിതച്ചുകൊണ്ടേയിരിക്കുന്നു. നന്മ, സ്നേഹത്തോടും, നീതിയോടും, ഐക്യത്തോടും കൂടെ യാഥാർത്ഥ്യമാകണം. പ്രതീക്ഷ എല്ലാ വ്യക്തിപരമായ താല്പര്യങ്ങൾക്കുമപ്പുറത്ത് ഉന്നതമായ ആദർശങ്ങളിലേക്ക് നമ്മെ നയിക്കണം.

### രണ്ടാം അദ്ധ്യായം : പാതയിലെ അപരിചിതർ

നല്ല സമരിയാക്കാരന്റെ ഉപമയിലെ മറ്റു കഥാപാത്രങ്ങൾ ആരെല്ലാമാണ്?

കള്ളന്മാർ, വഴിയേ കടന്നുപോകുന്നവർ, മുറിവേറ്റ് ഉപേക്ഷിക്കപ്പെട്ട മനുഷ്യൻ ആരുമായാണ് നമുക്ക് സാമ്യം?

യേശു നമ്മോട് ആവശ്യപ്പെടുന്നത് നമ്മുടെ അയൽക്കാരൻ ആരെന്ന് അന്വേഷിക്കാനല്ല; നമ്മൾ എല്ലാവർക്കും അയൽക്കാരനാകാനാണ്. നമ്മുടെ മുറിവേറ്റ സമൂഹത്തെ പുന:സ്ഥാപിക്കാനാണ് യേശു നമ്മെ ക്ഷണിക്കുന്നത്; സ്നേഹം ഒരിക്കലും ഒരാൾ എവിടെ നിന്ന് വരുന്നുവെന്ന് അന്വേഷിക്കുന്നില്ല; നമ്മെ വേർതിരിക്കുകയും, ഒറ്റപ്പെടുത്തുകയും ചെയ്യുന്ന ചങ്ങലകൾ സ്നേഹം തകർത്തുകളയുന്നു.

### മൂന്നാം അദ്ധ്യായം : ഒരു തുറന്ന ലോകത്തെ വിഭാവനം ചെയ്യാനും രൂപപ്പെടുത്താനും

സാർവ്വത്രിക സാഹോദര്യം തുറവി ആവശ്യപ്പെടുന്നു.

മറ്റുള്ളവർക്കായി തന്നെത്തന്നെ ആത്മദാനം ചെയ്യുന്നിടത്താണ് മനുഷ്യന്റെ ജീവിതം സഫലമാകുന്നത്.

സ്നേഹം മറ്റുള്ളവരെ അംഗീകരിക്കാനും പാർശ്വവൽക്കരിക്കപ്പെട്ടവരിലേക്കു ഇറങ്ങി ച്ചെല്ലാനും നമ്മെ ക്ഷണിക്കുന്നു.

സാമൂഹ്യ സൗഹൃദത്തിന്റെ അടിസ്ഥാനം അതിരുകളെ ഭേദിക്കാൻ കഴിയുന്ന സ്നേഹമാണ്.

നന്മ ചെയ്യുക എന്നത് സമഗ്രമായ മാനവ പുരോഗതിക്ക് ഉതകുന്ന മൂല്യങ്ങൾ വളർത്തിയെടുക്കാൻ മുന്നിട്ടിറങ്ങുന്നതാണ്. ഇതിനു ചെയ്യേണ്ടത്:

- സമൂഹത്തെ മുന്നിൽ കണ്ട് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.
- ദാരിദ്രത്തിന്റെയും അസമത്വത്തിന്റെയും അടിസ്ഥാന കാരണങ്ങൾക്കെതിരെ പോരാടുക.
- ദുർബലരായ മനുഷ്യരുടെ സഹായത്തിനും ഉന്നമനത്തിനും ഭരണകൂടങ്ങളുടെകൂടെ നിൽക്കുക.
- ആരെയും മാറ്റിനിർത്തുന്നില്ല എന്ന് ഉറപ്പുവരുത്തുക.
- ഐക്യദാർഢ്യത്തിന്റെയും ശുശ്രൂഷയുടെയും വഴിയിൽ ശാശ്വതമായ സമാധാനം സ്ഥാപിക്കുക. "ഓരോ വ്യക്തിയും വിലപ്പെട്ടവനും അന്തസ്സോടെ ജീവിക്കാൻ അർഹതയുള്ളവനുമാണ്"

### നാലാം അദ്ധ്യായം : ലോകം മുഴുവനുമായി തുറന്ന ഒരു ഹൃദയം

പ്രവാസികളെയും പാർശ്വവത്കരിക്കപ്പെട്ടവരെയും സ്വീകരിക്കുകയും സംരക്ഷിക്കുകയും വളർത്തുകയും സമന്വയിപ്പിക്കുകയും ചെയ്യുക.

രക്ഷപ്പെടുകയാണെങ്കിലും നശിക്കുകയാണെങ്കിലും അത് നമ്മളെല്ലാവരും ഒരുമിച്ചായിരിക്കുമെന്ന് ബോധ്യമുണ്ടാവുക.

എല്ലാ ജനസമൂഹങ്ങളെയും കോർത്തിണക്കികൊണ്ടുള്ള വികസനം സാധ്യമാകുന്ന ഒരു ലോക, രാഷ്ട്രീയ, സാമ്പത്തിക ക്രമത്തിന് രൂപം കൊടുക്കുക. "ലോകരാഷ്ട്രങ്ങളുടെ യഥാർത്ഥ മൂല്യം അളക്കേണ്ടത്, എത്രമാത്രം അവ മാനവകുടുംബത്തിന്റെ ഭാഗമാണെന്നു ചിന്തിക്കാനുള്ള കഴിവിന്റെ അടിസ്ഥാനത്തിലാണ്."

"ആരോഗ്യമുള്ള സംസ്കാരങ്ങളെല്ലാം സ്വഭാവത്താൽത്തന്നെ മറ്റുള്ളവയോടു തുറവിയുള്ളതും, അവരെ ഉൾക്കൊള്ളുന്നതുമായിരിക്കും."

### അഞ്ചാം അദ്ധ്യായം : ശ്രേഷ്ഠമായ ഒരു രാഷ്ട്രീയ സംസ്കാരം

എന്താണ് ഉദാത്തമായ രാഷ്ട്രീയം?

- പൊതു നന്മ പ്രോത്സാഹിപ്പിക്കുന്നത്;
- വോട്ടിൽ മാത്രം കണ്ണുവയ്ക്കാത്തത്;
- വ്യക്തിയുടെ വളർച്ചയെ സഹായിക്കുന്ന മാധ്യമം;

- ഉത്പാദനത്തിലെ വ്യതിരിക്തതയും വ്യവസായങ്ങൾക്കുള്ള സർഗ്ഗശേഷിയും വളർത്തുന്നത്;
- നവമായ, സമഗ്രമായ ആശയങ്ങൾ, പരസ്പരസംവാദങ്ങൾക്ക് സാധ്യമാക്കുന്നത്;

"സമൂഹത്തോടുള്ള സ്നേഹം പൊതുനന്മയെ സ്നേഹിക്കാൻ ക്ഷണിക്കുന്നു; എല്ലാവരെയും ഒന്നിപ്പിക്കുന്നു; എല്ലാവരുടെയും നന്മ ലക്ഷ്യം വയ്ക്കുന്നു."

"ഒരാൾക്കെങ്കിലും മെച്ചപ്പെട്ട ജീവിതം കൊടുക്കാൻ എനിക്ക് സാധിച്ചാൽ അത് എന്റെ ജീവിതത്തിന്റെ സമർപ്പണ സാഫല്യമാണ്"

## ആറാം അദ്ധ്യായം : സമൂഹത്തിൽ സൗഹൃദവും സംവാദവും

എന്താണ് പരസ്പരസംവാദം?

മറ്റുള്ളവരെ : സമീപിക്കുക, സംസാരിക്കുക, കേൾക്കുക, ശ്രദ്ധിക്കുക, മനസ്സിലാക്കുക, ആശയസമന്വയം ഉണ്ടാക്കുക, ഒരുമിച്ചു പ്രവർത്തിക്കാനുള്ള വേദികൾ കണ്ടെത്തുക.

"നമുക്കോരോരുത്തർക്കും മറ്റുള്ളവരിൽ നിന്ന് എന്തെങ്കിലുമൊക്കെ പഠിക്കാനുണ്ട്; ആരും ഉപയോഗശൂന്യരല്ല; ആരെയും ഉപയോഗിച്ചുതീർക്കേണ്ടതുമല്ല"

പരസ്പരസംവാദം:

- ഏതുസാഹചര്യങ്ങളിലും മറ്റുള്ളവരുടെ അന്തസ്സിനെ മാനിക്കുന്നു.
- വ്യത്യസ്തതകൾ ഉൾക്കൊണ്ട് സത്യവും ശാശ്വതവുമായ ശാന്തി ഉറപ്പിക്കുന്നു.
- ആയിരിക്കുന്നതുപോലെ ആയിരിക്കാനുള്ള മറ്റുള്ളവരുടെ അവകാശത്തെ സൗഹൃദത്തിന്റെ അന്തരീക്ഷത്തിൽ അംഗീകരിക്കുന്നു.
- മറ്റുള്ളവരുടെ മേലുള്ള കടന്നുകയറ്റവും, അവരെ കേൾക്കാതെ ഒരാൾതന്നെ എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നതും, മറ്റുള്ളവരെ അവഹേളിക്കുന്നതും താഴ്ത്തിക്കെട്ടുന്നതും പരസ്പരസംവാദത്തിന് എതിരാണ്.

## ഏഴാം അദ്ധ്യായം : നൂതനമായ കണ്ടുമുട്ടലിന്റെ പാതകൾ

സമാധാനപ്രക്രിയ പുതിയ സമീപനങ്ങൾ ആവശ്യപ്പെടുന്നു.

- യഥാർത്ഥ അനുരഞ്ജനത്തിൽ;
- ആരുടേയും വ്യക്തിത്വത്തെ ഹനിക്കാത്ത പൊതുവായ പരിപാടികളിൽ;
- എല്ലാ മനുഷ്യരുടെയും അന്തസ്സ് സംരക്ഷിച്ചുകൊണ്ടും, തിരിച്ചു കൊടുത്തുകൊണ്ടും;
- പാവങ്ങളോടും പാർശ്വവത്ക്കരിക്കപ്പെട്ടവരോടും പക്ഷം ചേർന്നുകൊണ്ട്;
- ക്ഷമയുടെ അർഥം തിരിച്ചറിഞ്ഞും അംഗീകരിച്ചും ക്ഷമയും അനുരഞ്ജനവും സാധ്യമാകുന്നത്;
- പരസ്പര സംവാദത്തിലൂടെ;
- ശത്രുതയിലും വെറുപ്പിലും നിന്ന് പിൻവാങ്ങുമ്പോൾ;
- വ്യത്യസ്ഥതകളെ സത്യസന്ധമായി ചർച്ചകൾക്കു വിധേയമാക്കുമ്പോൾ;
- മറക്കുന്നതും ശിക്ഷിക്കാതിരിക്കുന്നതും മാത്രമല്ല;
- പ്രതികാരത്തിന്റെ ദൂഷിതവലയത്തിൽ പെടാതിരിക്കുമ്പോൾ;

## എട്ടാം അദ്ധ്യായം : മതങ്ങൾ നമ്മുടെ ലോകത്തിൽ സാഹോദര്യം പുലരുന്നതിന്

നമ്മൾ ദൈവമക്കളാണെന്ന ബോധ്യമുണ്ടെങ്കിലേ മറ്റുള്ളവരുമായി സമാധാനത്തിൽ കഴിയാനാകൂ: മതങ്ങൾ സാഹോദര്യം വളർത്തുന്നു; സഹയാത്രികരായ സഹോദരങ്ങളാണ് നമ്മളെന്ന് അംഗീകരിക്കാൻ ദൈവാന്വേഷണം സഹായിക്കും; മതസ്വാതന്ത്ര്യം നിഷേധിക്കുന്നത് മനുഷ്യവംശത്തെ ശിഥിലമാക്കും സഭ തുറന്ന വാതിലുകളുള്ള വീടാണ്; എന്തെന്നാൽ അവൾ അമ്മയാണ്; അവൾ മനുഷ്യർക്കിടയിൽ പാലം പണിയുന്നു; മതിലുകൾ ഇല്ലാതാക്കുന്നു; അനുരഞ്ജനത്തിന്റെ വിത്ത് വിതയ്ക്കുന്നു.

മതങ്ങൾക്കിടയിൽ സമാധാനത്തിലേക്കുള്ള യാത്ര സാധ്യമാണ്. ഹൃദയം കൊണ്ട് കാണുന്ന ദൈവത്തെപ്പോലെ വസ്തുതകളെ ദർശിക്കുക; നമ്മുടെ അടിസ്ഥാന മതബോധ്യങ്ങളിൽ അക്രമത്തിനു സ്ഥാനമില്ല; ജീവനെയും, മനുഷ്യമഹത്വത്തെയും, സ്വാതന്ത്ര്യത്തെയും ആദരിക്കാൻ ആത്മാർത്ഥവും വിനീതവുമായ ദൈവാരാധന സഹായിക്കുന്നു. ■

# TRANSFERS/APPOINTMENTS

| Name of Priests | Parish/Institution | Date of Appointment |
|---|---|---|
| Rev. Fr. Shinto Kolathupadavil CMI | Parish Priest, St. Thomas Church, Chandigarh | w.e.f. 20 November, 2020 |
| Rev. Fr. Jomy Kalaparamban | Asst. Vocation Director | w.e.f. 21 November, 2020 |
| Rev. Fr. Jomon Kapalumakkal | Asst. Catechism Director | w.e.f. 21 November, 2020 |
| Rev. Fr. Mathew Thoomullil | Diocesan Vocation Promoter & Dean of Studies, Minor Seminary, Thommankuthu | w.e.f. 30 November, 2020 |
| Rev. Fr. Jitho Arackal | Asst. Mission Director - Jaitho - Punjab | w.e.f. 02 December, 2020 |
| Rev. Fr. Litto Cheruvallil | Secretary to Auxiliary Bishop and Priest in Charge of Mary Matha Church, Ludhiyana | w.e.f. 20 December, 2020 |
| Rev. Fr. Mathew Azhakanakunnel | Parish Priest, St. Mary's Church, Mayur Vihar Phase - I | w.e.f. 07 December, 2020 |
| Rev. Fr. Saji George Valavil | Parish Priest, St. John Paul II Church, Indirapuram/Vaishali | w.e.f. 02 January, 2021 |
| Rev. Fr. Jose Vettickal | Parish Priest, Kristuraja Cathedral Church, Faridabad | w.e.f. 10 January, 2021 |
| Rev. Fr. Jimmy Mattathil | Parish Priest, Infant Jesus Forane Church, Palam | w.e.f. 02 January, 2021 |
| Rev. Fr. Abraham Chempottickal | Parish Priest, Assumption Forane Church, Mayur Vihar III | w.e.f. 02 January, 2021 |
| Rev. Fr. Biju Kannampuzha | Parish Priest, Sacred Heart Forane Church, Gurgaon | w.e.f. 02 January, 2021 |
| Rev. Fr. Albi Tharappathu | Parish Priest, St. Pius X Church, Dwarka | w.e.f. 02 January, 2021 |
| Rev. Fr. George Kizhuthara | Parish Priest, St. Jude's Church, Sahibabad | w.e.f. 02 January, 2021 |
| Rev. Fr. Joyson Puthussery | Parish Priest, St. Thomas Church, Janakpuri | w.e.f. 02 January, 2021 |
| Rev. Fr. Rony Thoppilan | Punjab Mission Procurator & Director, Infant Jesus Mission Station, Mallenwala | w.e.f. 02 January, 2021 |
| Rev. Fr. Sinto Vadakumpadan | Asst. Parish Priest, Infant Jesus Forane Church, Palam and Priest In-charge, Amalolbhava Matha Church, Mahipalpur | w.e.f. 06 January, 2021 |

## Welcome to Fathers to their New Assignments

Diocese of Faridabad-Delhi extends a warm welcome to **Rev. Fr. Shinto Kolathupadavil CMI, Rev. Fr. Joyson Puthussery, Rev. Fr. Jimmy Mattathil, Rev. Fr. Sinto Vadakumpadan,** who came to serve in the diocese of Faridabad-Delhi from Carmel Province Muvattupuzha, Ernakulam-Angamaly Major Archdiocese, Eparchy of Satna and Schoenstatt Congregation, respectively. The whole diocesan community welcomes and wishes them all success in their new ministry.



Rev. Fr. Shinto Kolathupadavil



Rev. Fr. Joyson Puthussery



Rev. Fr. Jimmy Mattathil



Rev. Fr. Sinto Vadakumpadan

## Thanks and Best Wishes

The diocese of Faridabad-Delhi remembers with gratitude **Rev. Fr. Thomas Kulampallil,** who returned to his home diocese (Palakkad) after two years of his dedicated service in the diocese. We thank him sincerely for his spiritual and pastoral service in the eparchy of Faridabad-Delhi. We gratefully acknowledge his pastoral ministry and wish him all the best in his future ministries.



Rev. Fr. Thomas Kulampallil

# The New Pastoral Council of the Diocese of Faridabad

A joint online meeting of the new Pastoral Council and the old Pastoral Council was held under the chairmanship of Archbishop Kuriakose Bharanikulangara. Rev. Fr. Mathew Thoomullil anchored the meeting.

Prof. K.M. Francis, Pastoral Council Member and Retd. Professor at St. Thomas College Thrissur delivered the keynote address. In his message, he stated that the main mission of the Pastoral Council is to advise on the further improvement of the diocesan ministry. Archbishop thanked the old Pastoral Council and wished all the best to the new Pastoral Council. Auxiliary Bishop Jose Puthenveettil delivered the message. Justice Kurian Joseph (retd.) and Shri. Alphonse Kannanthanam (MP) addressed the gathering. Vicar General Msgr. Jose Vettickal thanked the audience. The meeting concluded with the Archbishop's prayer and blessing.

## Office Bearers of the New Pastoral Council (2020-22) of the diocese of Faridabad-Delhi Installed



**Mr. Wilson A.C**



**Mrs. Salina Samuel**

Mr Wilson A. C. and Mrs. Salina Samuel took possession of their office as the Secretary and Joint secretary of the New Pastoral Council of the diocese respectively. The ceremony took place on November 2, 2020, in the presence of Archbishop Kuriakose Bharanikulangara soon after the online holy mass presided over by him. The Archbishop then introduced and congratulated them and they expressed their gratitude to the Archbishop, Curia and the faithful for having been honoured with the positions of Pastoral Council Secretary and Joint Secretary.

The pastoral council of the diocese consists of more than a hundred members who are either elected, nominated, ex-officio or honorary. The joint session of the old and new pastoral councils was virtually held on October 24, 2020 which marked the inauguration of the new pastoral council.

Mr. Wilson A.C who hails from Kannur district of Kerala is a member of St Jude Thaddeus Church, Ashok Vihar. He graduated in Economics from Calicut University and was professionally qualified in Indirect Taxes Study Forum and Course for International Business from Delhi. He has worked as the Manager of Import Exports Office of Trend Setters, Delhi, as a Visiting Professor in Tolani Institute of Management for Foreign Trade Rules and Procedures, and also as a Member of Association for 100% Export Oriented Units in Delhi. At present he is the owner of Sonex Shipping and is a Government Licenced Custom House Agent (CHA) and Freight Forwarding & Transport Agent. He is also a Legal Consultant Customs and Indirect Taxes and a Consultant for Business in Foreign Trade, Licensing – Delhi Pollution Control Committee, Start- up Business, etc. He is a Permanent Member of Delhi Custom Brokers Association, a Gold Member of Metal Recycling Association of India



## AKHANDA JAPAMALA OCTOBER 2020

A zoom meeting of Delhi-Faridabad Diocese Mathruvedhi executive members was convened on 27th September, 2020. The meeting was chaired by the Diocesan Director, Rev. Fr. Martin Palamattam. President Mrs. Lizy Jacob welcomed the Director and all the executive members. The main agenda of the meeting was to discuss about the Akhanda Japamala which the Mathruvedhi Diocesan executives conduct during the month of October every year. Archbishop Kuriakose Bharanikulangara had exhorted in his recent Pastoral letter "Rediscover our faith through Holy Rosary". As per the directions of the Mathruvedhi Director and executives, the Akhanda Japamala was successfully executed in all Parishes by the Mathruvedhi members despite the pandemic threat during the stipulated period from 1st to 30th October, 2020. The intentions for the Japamala were: For our Diocese, Bishops, Priests and Nuns; for the sick especially for the Covid-19 affected people; and to eradicate Covid-19 from the world.

in Mumbai, and a Member of External Advisory Council of Jivodaya Hospital, Ashok Vihar and Osana Home, Kingsway Camp.

His contribution to the diocese has been remarkable. He has served in the capacities of Pastoral Council Member, Catechism Secretary, Secretary of Delhi Syro-Malabar Mission, Member of Governing Body of Delhi Syro Malabar Mission, Core Committee Member of Santhome Bible Convention, Kaikkaran of St Jude Thaddeus Church, Ashok Vihar and Catechism Teacher.

Mrs. Salina Samuel, the newly appointed joint secretary of the pastoral council is a member of St Mother Teresa Parish, South Extension. She was born in Bombay and was brought up in Delhi. She did her post-graduation from J N U, Delhi and has been working as a Senior Level Officer in Ministry of Defence since 1991. She has been remarkable in serving the diocese in various capacities and she continues to render her selfless service for the betterment of the diocese in various forums, particularly as the Vice President of Diocesan Matruvedi. ■

# Indian Christians
## and Nation-Building (9)



**Dr. Pius Malekandathil**
Professor in History, JNU, New Delhi

Everybody has heard about the Taj Mahal of Agra. It is in the same city of Agra that the famous " Red Taj Mahal" is located. The Red Taj , which is one fifth of the size of the Taj Mahal, is in fact a tomb in the Catholic cemetery of Agra erected in Mughal style for the Dutch Catholic colonel John William Hessing. He was a native of Utrecht in Holland and came to Ceylon as an employee of Dutch East India Company. Later he served under the Nizam of the Deccan and in 1784 he entered into the service of the Marathas. Madho Rao Scindia employed him to raise a bodyguard for him, which eventually grew to 4 battalions. Later Madho Rao Sindhia gave him the right to command the fort of Agra. He died in 1803 while defending the fort against the British

Hessing's wife Anne Hessing built the Red Taj Mahal in memory of her beloved husband. It stands separate from other tombs of the Christian cemetery of Agra , where Christians, after their death, were brought from various places exclusively for burial. His tomb is a miniature of the Taj in red Agra sandstone. The tomb is essentially Mughal in design, erected on a square platform with a corridor around it and topped by the typical Mughal onion shaped dome. This is one of the oldest Christian grave and the most prominent Christian mausoleum in India.

Red Taj Mahal in Catholic Cemetery of Agra

There are more than 80 Christian Armenian graves in this cemetery and many European travellers and adventurers buried here, whose tombs were also modelled on Mughal style. The Christian Armenian traders formed one of the major mercantile segments in Mughal India and good many of them were in the service of the Mughals. Abdul Hai, who was the Chief Justice under Akbar, Mirza Zul- Qarnain, who was the amir of the Mughal court under Jahangir and Shah Jahan and Domingo Pires, who was an interpreter and ambassador for Akbar for his interactions with the Portuguese were a few among them. They along with the Europeans buried there contributed their due share in making India in the way we find now.

One of the leaders of freedom movement and Malayali Memorial of 1892 in Kerala was Nidhirikkal Mani Kathanar. He became a priest at a time when there was strong demand among the St.Thomas Christians to have indigenous bishops instead of European missionary bishops. The love for Indianness and indigenous leadership made him participate in the freedom struggle of Kerala. He was a secretary to the Padroado Governador of Cranganore in 1861 and later secretary to Visitar Apostolic Archbishop Leo Moireen. Bishop Marcelinose made him the parish priest of three major parishes(Alleppey, Kuravilangadu and Muttuchira) simultaneously. This position enabled him to get connected with the major leaders of Kerala , particularly those linked with Alleppey and Trivandrum and work towards programmes of self-rule. Alleppey was the major port of Kerala at that point of time. He mobilized the support of Syrian Christians for the Malayali Memorial, with which freedom struggle started in Kerala. In 1889 Bishop Charles Levinge made him his Vicar General with Pontifical powers. He started two dailies Malayala Manorama and Deepika , which revolutionized the reading habit of Malayalis during the period of freedom struggle in Kerala.

With the joint support of Mar Dionysius of Jacobite Church, he chalked out programmes for a joint college in Kottayam in 1890s. He and Kandathil Varghese Mappila launched Bhashaposhini, which is now one of the best literary journal in Malayalam . He became its co-patron. He started an English Medium school in Kuravilangadu in 1894, which served as a main door for thousands of youngsters to get access to higher education and higher jobs in national and international job markets. Because of the seeds of national consciousness that he had sowed in Kuravilangadu, this place became the converging point for different streams of nationalist thinking and political consciousness for the years to come.

A Christian leader of great significance in the mercantile and political life of South India was Thachil Mathu Tharakan from Kuthiathode. He was the son of Thariathu, the minister of Alengadu king. Later Alengadu was merged into Travancore with the expansionist policies of Marthanda Varma(1742-1752), who conquered a chain of territories upto Angamali in the north with the help of the army trained under the former Dutch captain Eustachius de Lannoy. When a fortification was built in the northern part of Travancore-Cochin kingdoms to contain the southern expansion of the Zamorin of Calicut, De Lannoy got great amount of support from Thachil Mathu Tharakan. De Lannoy introduced him to Dharma Raja, the new ruler of Travancore and Raja Kesava Das, his prime minister. For the purpose of diverting commodities from the newly conquered territories without allowing them to go to Cochin, a new Travancorean port was established at Alleppey in 1763, whose main architects were Thachil Mathu Tharakan and Raja Kesava Das. Thachil Mathu Tharakan, who gained control over the monopoly trade in salt and tobacco by this time, had also bought some ships for trade purposes and shifted his residence to Thathamppilly, where he also built a church for the local Christian community. It was in this church of Thathampally that Mar Thoma VI got reunited with Catholic Churchin 1799, though he went back to Jacobite faith after a short while. Mathu Tharakan sponsored a major part of the expenditure incurred for the European journey of Mar Joseph Kariyattil and Fr. Thomas Paremakkel in 1780s. He extended liberal support to the construction of Nedumkotta to prevent the southward expansion of Tipu Sultan and enlisted the service of lot of youngsters to fight against Tipu. During the time of Tipu's expedition, Thachil Mathu Tharakan built the church and the presbyteral house of Vadayar for the residence of Governador Thomas Paremakkel. When Travancore was in financial crisis he gave a loan of 15 lakhs , which the state could not give him back . Things changed by 1798 when the weak ruler Balarama Varma came to the throne. Under the leadership of Velu Thampi, the Nairs rose against the office bearers of the king, and arrested the key personalities including Mathu Tharakan who developed commercial negotiations with the English during the previous regime. The two ears of Thachil Mathu Tharakan were cut and he along with his children was put behind the bars. Though he was released later he died soon in 1814. The Travancorean government owed an amount of 14 lakhs to Thachil Mathu Tharakan; however, Velu Thampi cut it short to 85, 000. Out of it, Rs.26, 000 was given to Tharakan. The balance 59, 000 was given by Velu Thampi to the British resident, who in turn invested Rs. 10, 500 each in the name of the Bishops of Catholic and non-Catholic factions in English East India Company. It was this money that later came to be called "Vattippanam" , which was the major bone of contention between the Jacobites and the Orthodox factions till recently. The resident gave Rs. 20, 000 to the college of Kottayam, Rs. 5000 to another college in Nagercoil , Rs. 8000 for the teaching of doctrines of Syrian Christians and a share to the leprosy hospital of Munambam(Pallipuram). One cannot ignore the great contribution that Thachil Mathu Tharakan gave in the development of the port of Alleppey and in the economic and commercial prosperity that Travancore achieved during the period between 1760 and 1798. ■


**Virtual Inauguration of IGNITE 2K20**

Holy Childhood Association of our diocese is organising Online Art & Literary Competition for our Catechism Students. Archbishop Kuriakose Bharanikulangara inaugurated the event virtually at 4 pm on 7th of November. During the inaugural address, he instructed the animators to lighten faith among the children through these events and all upcoming programs of association. Bishop Jose Puthenveettil, our Auxiliary Bishop, Msgr. Jose Vettickal & Msgr. Joseph Odanat, our Vicar Generals addressed the gathering and wished all the students and animators for all the upcoming events.




**IGNITE 2K20**


Coloring Competitions First Prize



*Senior Category*
***Filza Mathew***
***Our Lady of Fatima Forane Church, Jasola***



*Junior Category*
**Nainika Sebastian**
**St. Augustine's Forane Church, Karolbagh**



*Sub junior Category*
**Shalom Maria**
**Kristuraja Cathedral, Faridabad**

## INDEPENDENCE DAY CELEBRATION



Independence day of the Nation and Feast of Assumption of our Lady was celebrated with full fervour and enthusiasm. Rev. Dr. Jacob Nangelimalil, the Rector hoisted the flag.

## NEW FACES IN THE FORMATORS TEAM

Dn. Jithin Vadakkel after completing his priestly studies in Rome joined our community for his ministry. Seminary community rendered him cordial welcome. Rev. Fr. Binto joined the community for rest after his treatment.

## VESTITION OF BROTHERS



Vestition of Brothers Tijo and Robin was officiated by Rev. Dr. Jacob Nangelimalil, the Minor Seminary Rector on October 10, 2020. Their family members attended the function.

## QUARANTINE OF MAJOR SEMINARIANS

Brothers Johnson, Tharun, Suman, Febin and Vimal stayed in the seminary for quarantine requirements set by the Major Seminaries. Our community with a grateful heart remembers the helpful presence of the Major Seminarians. The Seminary remembers with gratitude the presence of Dn. Jomy who was taking classes for plus one brothers. Br. Eldhose was in the seminary for two weeks before going to Rome for his theological studies.

## ACADEMIC DEVELOPMENTS

First terminal exams of brothers studying plus one in the seminary was conducted from 7 – 20 September, 2020. They have taken admission in SCOLA Kerala for higher secondary education.

## ROSARY DEVOTION



Solemn devotion of Holy Rosary was conducted in the Seminary from October 1 to 10. Brothers prepared a beautiful grotto.

## ANNUAL RETREAT

Annual retreat in the Seminary was conducted with spiritual preparations. Rev. Fr. Jaison Koluthuvallil of Ernakulam-Angamaly Archdiocese led the annual retreat. In preparation for the annual retreat, the Seminary Staff also prepared themselves by making a visit to the Sehion Retreat Centre, Attapadi. ■



As Proverbs 16:9 says, ***"The heart of man plans his way, but the Lord establishes his steps."*** We indeed had a lot of plans for this year, but God is leading us through his unexpected, unpredictable and unimaginable ways.

The Diocesan event for youth, Bezalel - Shadow of God, which was introduced last year by the present Dexco team, was conducted virtually through a series of 7 competitions. The poster of Bezalel was officially released on Sunday, 15th of September by His Grace Archbishop Kuriakose Bharanikulangara, at Our Lady of Fatima Forane Church, Jasola following which the details of all the competitions and their rules and regulations had been shared through Forane and Parish Whatsapp groups.

On Saturday, 17th of October, through a virtual gathering, the event was inaugurated by His Grace Archbishop Kuriakose Bharanikulangara. During the event, M/s Chris John was felicitated by Auxiliary Bishop Mar Jose Puthenveetil, for her remarkable work as an NSS Volunteer and for being felicitated by the Presidential award online.

Following this, the competitions of Bezalel were successfully conducted each week, starting from 18th October till 23rd November. It was delightful to seek enthusiastic participation of the youth of DSYM from more than 30 parishes. It is hoped that the high spirit and participation of our youth continues to be the same in future too. ■

### CATECHISM TEACHERS' DAY

This year Catechism Teachers' Day was celebrated virtually on 4th November, 2020 on the occasion of feast of St. Charles Borromeo, the Patron Saint of Catechists. A one hour video was made by combining variety programs from different parishes. In the video, Archbishop, Kuriakose Bharanikulangara, Bishop Jose Puthenveettil and the Catechism Director, Rev. Fr. Babu Anithanam gave special messages to our Catechism teachers and appreciated their selfless services, especially during the pandemic. It was released on the diocese's official YouTube channel 'Truth Tidings'. The video ended with special thanks from Catechism Secretary, Mr. Regi Thomas.

### CATECHISM FIRST SEMESTER EXAM

The catechism first semester exam was conducted successfully online through Google Forms on 15th November, 2020. All the questions given in the exam were multiple-choice questions. Those students who missed their exams due to technical difficulties were given a second chance the next Sunday i.e., on 22nd November. The results have also been published.

### CATECHISM ONLINE PROMOTERS' VISIT

Catechism Promoters' Visit is set to be held from December 2020. Promoters' Visit will also be held online this year due to the pandemic. A five minutes video has to be prepared on the different programs held by the unit during this year. Units will also be evaluated on the basis of the video. Promoters will enter the class meeting through links provided by the unit and interact with students. After the class visits, a teachers' meeting will also be held to discuss the progress of the classes. ■

## Matrimonial


**Alliance invited for a SYRO-MALABAR CATHOLIC BOY**

**(29 years / 178 cm), born and brought up in Delhi, Post Graduate in Management, working in a reputed firm in Bangalore, from Syro-Malabar Catholic Girls, well-educated and settled or employed in Delhi/Bangalore.**
**Contact: Box No.51**
**Email: fdmatrimonial@gmail.com**

**Alliance invited for a SYRO-MALABAR CATHOLIC GIRL**

**(26 years / 5'5"), born and brought up in Kerala, currently First year MD student in Surgery. Hails from a practising catholic family with priests and nuns. God fearing and well-educated, preferably MD, Syro-Malabar Catholic boys are welcome.**
**Contact: Box No.52,**
**Email: fdmatrimonial@gmail.com**

**Alliance invited for a SYRO-MALABAR CATHOLIC GIRL**

**(24 years / 5'4"), born and brought up in Delhi, MBA in HR, currently working in MNC. Hails from a practising catholic family. God fearing and well-educated, preferably Syro-Malabar Catholic boys well-educated and settled or employed in Delhi are welcome.**
**Contact: Box No.53,**
**Email: fdmatrimonial@gmail.com**

**Alliance invited for a SYRO-MALABAR CATHOLIC BOY**

**(27 years / 175 cm), born and brought up in Delhi, MSc. B.Ed. working in a reputed School in Delhi, from Syro-Malabar Catholic Girls, well-educated and settled or employed in Delhi.**
**Contact: Box No.54**
**Email: fdmatrimonial@gmail.com**



# മതാന്തര വിവാഹം
# പാഠവും പ്രയോഗവും

**ഡോ. വർഗ്ഗീസ് പൂതവേലിത്തറ**
**(ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓറിയന്റൽ കാനൻലോ, ധർമ്മാരാം, ബാംഗ്ലൂർ)**

ദൈവത്താൽ സ്ഥാപിതവും അവിടുത്തെ നിയമങ്ങളിൽ അധിഷ്ഠിതവുമായ ഉടമ്പടി (covenant) ആയിട്ടാണ് പൗരസ്ത്യ സഭകൾക്കായുള്ള കാനൻ നിയമസംഹിത (CCEO) വിവാഹത്തെ നിർവചിക്കുന്നത് (CCEO C.766) തിരിച്ചെടുക്കാനാവാത്തതും വ്യക്തിഗതവുമായ സമ്മതം വഴി സ്ത്രീയും പുരുഷനും തമ്മിൽ നടത്തുന്ന ജീവിത സമ്പൂർണ്ണതയുടെ പങ്കുവയ്ക്കലും ഒന്നാകലും ആണ് വിവാഹം. പങ്കാളികളുടെ നന്മയും, സന്താനോല്പാദനവും മക്കളുടെ ശിക്ഷണവും പരിപാലനവും ഈ ഉടമ്പടിയുടെ ലക്ഷ്യങ്ങളാകുന്നു (CCEO W.776) പാശ്ചാത്യസഭയ്ക്കായുള്ള കാനൻ നിയമസംഹിതയും വിവാഹത്തിന്റെ ഈ ദൈവിക-മാനുഷിക തലങ്ങളെ സമ്യക്കായി നിർവചിക്കുന്നു (CICC 1055) രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളിൽ നിന്നു (GS 48, AA 11) രൂപപ്പെടുത്തിയ ഈ നിർവചനങ്ങളിൽ 2000 വർഷത്തോളം ദീർഘമായ സഭയുടെ വിശ്വാസാനുഭവങ്ങളിലധിഷ്ഠിതമായ ബോധ്യങ്ങൾ നമുക്കു ദർശിക്കാൻ സാധിക്കും.

"സ്നേഹം മൂലം മനുഷ്യനെ സൃഷ്ടിച്ച ദൈവം സ്നേഹത്തിലേക്കു അവനെ വിളിക്കുന്നു" എന്നു കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC 1604) പഠിപ്പിക്കുന്നു. ഈ സ്നേഹത്തിലേയ്ക്കുള്ള വിളിയാണ് വിവാഹജീവിതം. സമ്പൂർണ്ണമായ ആത്മദാനത്തിൽ നിലനിൽക്കുന്ന ദാമ്പത്യബന്ധത്തിൽ പ്രകാശിതമാകുന്നത് ദൈവസ്നേഹത്തിന്റെ ജ്വാലകളാണ്. ''ഇക്കാരണത്താൽ, പുരുഷൻ പിതാവിനെയും മാതാവിനെയും വിടുകയും അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും. പിന്നീടൊരിക്കലും അവർ രണ്ടല്ല. ഒറ്റശരീരമായിത്തീരും. അതിനാൽ, ദൈവം സംയോജിപ്പിച്ചത് മനുഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ" (മാർക്കോ 10:7-9). യേശു

നാഥന്റെ ഈ കല്പന അഭംഗുരം പാലിക്കുവാൻ ബദ്ധശ്രദ്ധമായ സഭ, ക്രൈസ്തവ വിവാഹത്തിന്റെ രക്ഷാകരമൂല്യവും, ദൈവിക പദ്ധതിയും എക്കാലവും പഠിപ്പിച്ചുപോന്നു.

പതിമൂന്നാം നൂറ്റാണ്ടു മുതലാണ് വിവാഹം ഏഴു കൂദാശകളിലൊന്നായി കൃത്യമായും നിയതമായും നിർവചിക്കപ്പെടുന്നത്. എങ്കിലും സഭയുടെ ആരംഭകാലം മുതൽ തന്നെ വിവാഹബന്ധത്തെ പാവനമായി കണക്കാക്കുകയും അതിന്റെ വിശ്വാസപരവും ആത്മീയവുമായ തലങ്ങളെക്കുറിച്ച് പ്രബോധനങ്ങൾ നല്കുകയും ചെയ്തിരുന്നത് നമുക്കു കാണുവാൻ സാധിക്കും. വി.പൗലോസ് ശ്ലീഹായുടെ പ്രബോധനങ്ങൾ (എഫേ.5:22–33, 1 കൊറി.7) ഇവയ്ക്ക് ഉത്തമ സാക്ഷ്യങ്ങളാണ്. വിവാഹബന്ധത്തെ യേശുവും സഭയുമായുള്ള ബന്ധത്തിന് സമാനമായി കണക്കാക്കുകയും, ഈ സവിശേഷ ബന്ധത്തിന്റെ പാവനതയ്ക്കും ദൈവീക പദ്ധതിക്കും വിഘാതമാകാവുന്ന ഘടകങ്ങളെയും സാഹചര്യങ്ങളെയും ക്രിസ്തീയ വിവാഹത്തിന്റെ ഭൂമികയിൽ നിന്നും അകറ്റിനിർത്തുന്നതിൽ ജാഗ്രത പാലിക്കുകയും ചെയ്തുപോന്നവളാണു സഭ.

## കാനോനിക തടസ്സങ്ങൾ

